

# എലിഞ്ഞിപ്ര
# സെന്റ് മേരീസ് ലൂർദ്ദ് ഇടവക

ചാലക്കുടി പട്ടണത്തിന് ഏകദേശം 3 കി.മി. കിഴക്ക്, ചാലക്കുടി-വെള്ളിക്കുളങ്ങര റോഡും, പോട്ട-പരിയാരം റോഡും കൂടി ചേരുന്ന സ്ഥലത്തിന് സമീപമാണ് എലിഞ്ഞിപ്ര സെന്റ് മേരീസ് ലൂർദ്ദ് പള്ളി സ്ഥിതിചെയ്യുന്നത്.

ഇപ്പോൾ 'എലിഞ്ഞിപ്ര' എന്നു വിളിക്കപ്പെടുന്ന സ്ഥലം, 'കൂനംപറമ്പ്' എന്നാണ് അറിയപ്പെട്ടിരുന്നത്. പള്ളിവക സ്ഥലത്തിന്റെ കിഴക്കുഭാഗത്തെ റോഡിന് എതിർവശത്തായി സ്ഥിതിചെയ്തിരുന്ന ഫോറസ്റ്റ് ചെക്കിംഗ് സ്റ്റേഷൻ 'ചൗക്ക' എന്ന് അറിയപ്പെട്ടിരുന്നതിനാൽ സ്ഥലത്തെ 'ചൗക്ക' എന്നും പള്ളിയെ ചൗക്ക പള്ളിയെന്നും വിളിച്ചിരുന്നു. സമീപസ്ഥലമായ പഴയ ട്രാംവേ 1959-ൽ നിർത്തലാക്കി. അതിനോട് ചേർന്നുള്ള സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പിന്നീട് പള്ളിയ്ക്ക് ലഭിക്കുകയും ആ സ്ഥലത്ത് പള്ളിവക കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്തു.

ചൗക്ക/എലിഞ്ഞിപ്ര പ്രദേശത്തുള്ളവരുടെ ആത്മീയ കാര്യങ്ങൾ നടത്തിയിരുന്നത് ചാലക്കുടി സെന്റ് മേരീസ് പള്ളിയിലും പരിയാരം സെന്റ് ജോർജ്ജ് പള്ളിയിലും ആയിരുന്നു. ചൗക്ക പ്രദേശത്തെകുടുംബങ്ങൾക്ക്ആദ്ധ്യാത്മികകാര്യങ്ങൾ നടത്തുന്നതിന് സൗകര്യമുണ്ടാക്കുവാൻ നടപടികൾ സ്വീകരിക്കണമെന്ന് ബഹു. ജോൺ കിഴക്കൂടനച്ചനോട് അദ്ദേഹത്തിന്റെ ബന്ധുമിത്രാദികളായ സ്ഥലവാസികൾ ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത ആവശ്യം പരിഗണിച്ച്, 1928-ൽ കൂടപ്പുഴ സമുദായം വക സെന്റ് ജോസഫ്സ് എൽ.പി. സ്കൂൾ ഏറ്റെടുക്കുകയും സ്കൂളിന്റെ മദ്ധ്യത്തിൽ അൾത്താര ഒരുക്കി, ഒരു കുരിശുപള്ളിയായി ഞായറാഴ്ചകളിൽ ഉപയോഗിക്കുകയും ചെയ്തു. ചാലക്കുടി പള്ളിയിൽ നിന്നുള്ള വൈദികരാണ് ഇപ്രകാരം വി. കുർബാന അർപ്പിച്ചിരുന്നത്.

1929-ൽ എലിഞ്ഞിപ്ര മേനാച്ചേരി ഔസേഫ് ഭാര്യ മറിയം (കിഴക്കൂടൻ പൊറിഞ്ചു മകൾ) വക സ്ഥലവും, കിഴക്കൂടൻ കുര്യപ്പൻ കുഞ്ഞുവറീതിന്റെ സ്ഥലവും കൂനൻ ഔസേപ്പിന്റെ സ്ഥലവും പെരേപ്പാടൻ ഇട്ട്യച്ചൻ ഇട്ടീരയുടെ സ്ഥലവും 1933-ൽ കൂടപ്പുഴ വടക്കേ സമുദായം സ്കൂൾ വക സ്ഥലവും, ബഹു. ജോൺ കിഴക്കൂടനച്ചൻ തൃശ്ശൂർ അന്നാവുമ്മ അനാഥാലയത്തിന്റെ ഡയറക്ടറുടെ പേരിൽ വാങ്ങി. 1930-ൽ ചൗക്ക ജംഗ്ഷനു സമീപം പള്ളി സ്ഥലത്ത് ഒരു ഗ്രോട്ടോ നിർമ്മിക്കുകയുണ്ടായി. (1968-ൽ പ്രസ്തുത ഗ്രോട്ടോ പുതുക്കിപ്പണിതു.) 1930-ൽ തന്നെ പാറപ്പുറം എന്ന സ്ഥലത്ത് ഒരു കപ്പേളയും

നിർമ്മിച്ചു.

## പള്ളി, ഇടവക

1934-ൽ കുരിശുപള്ളി ഒരു ഇടവക പള്ളിയായി പ്രവർത്തിപ്പിക്കുന്നതിനും ഒരു സെമിത്തേരി പണിയുന്നതിനുമുള്ള അനുമതിയ്ക്കായി കൊച്ചിയിലെ ദിവാന് 17.2.1934-ൽ ബഹു. ജോൺ കിഴക്കൂടൻ അച്ചൻ അപേക്ഷ നല്കുകയും അപേക്ഷ പരിഗണിച്ച് 17.12.1934-ലെ ഉത്തരവ് നമ്പർ 67/46/1110 പ്രകാരം പള്ളി ആക്കുന്നതിനും സെമിത്തേരി നിർമ്മിക്കുന്നതിനും അനുവാദം ലഭിക്കുകയുണ്ടായി. അതോടൊപ്പം തൃശ്ശൂർ രൂപത അദ്ധ്യക്ഷൻ മാർ ഫ്രാൻസിസ് വാഴപ്പിള്ളിയോട് എലിഞ്ഞിപ്ര പള്ളിയെ ഇടവകയായി അംഗീകരിച്ച് ഉത്തരവാകുന്നതിന് അപേക്ഷിക്കുകയും, തദനുസാരം 1934-ൽ തൃശ്ശൂർ രൂപതയിലെ ഒരു ഇടവകയായി സെന്റ് മേരീസ് ലൂർദ്ദ് പള്ളി എന്ന് നാമകരണം ചെയ്യപ്പെടുകയും ചെയ്തു. ചാലക്കുടി, പരിയാരം, പോട്ട എന്നീ ഇടവകകളിൽ നിന്നുള്ള ഏതാനും വീട്ടുകാരാണ് ഇതിൽ പെട്ടത്. 1936-ൽ പാറപ്പുറം കമ്പനിപ്പടിയ്ക്കടുത്ത് വി. സെബസ്ത്യാനോസിന്റെ ഒരു സ്തംഭം സ്ഥാപിച്ചു.

22.9.1952-ൽ ബഹു. ജോൺ കിഴക്കൂടൻ അച്ചൻ തൃശ്ശൂർ സബ്ബ് രജിസ്ട്രാർ ഓഫീസിൽ നമ്പർ 23/52 പ്രകാരം ഒരു മരണപത്രം തയ്യാറാക്കി രജിസ്റ്റർ ചെയ്യുകയുണ്ടായി. 15.11.1960-ൽ ബഹു. ജോണച്ചൻ അന്തരിക്കുകയും അദ്ദേഹം ഡയറക്ടറായിരുന്ന തൃശ്ശൂർ സെന്റ് ആൻസ് അനാഥശാല പള്ളിയിൽ മൃതദേഹം സംസ്കരിക്കുകയും ചെയ്തു. തന്റെ സമ്പാദ്യം കൊണ്ട് വാങ്ങിയിട്ടുള്ളതും, പള്ളി, ഗ്രോട്ടോ, സ്കൂൾ, വി. സെബസ്ത്യോനോസിന്റെ സ്തംഭം എന്നിവയും, അന്നാവുമ്മ ധർമ്മശാലയുടെ ഡയറക്ടറുടെ പേരിൽ എലിഞ്ഞിപ്രയിൽ വാങ്ങിയിരിക്കുന്ന വസ്തുക്കളും അതിലെ എടുപ്പുകളും എലിഞ്ഞിപ്ര പള്ളി വകയായിരിക്കുന്നതാണെന്ന് മരണപത്രത്തിൽ രേഖപ്പെടുത്തിയിരുന്നു.

സ്ഥലസംബന്ധമായ ഈ വ്യവസ്ഥകൾ യഥാ



വൈദിക മന്ദിരം



പരി. ലൂർദ്ദ് മാതാവിന്റെ ഗ്രോട്ടോ

സമയം നടപ്പിലാക്കാതിരുന്നതിനാൽ അക്കാര്യം നടപ്പാക്കി കിട്ടുന്നതിന് 2.7.1999-ൽ ഇടവക നല്കിയ പരാതിയിന്മേൽ രൂപതാ ജസ്റ്റീസ് ഫോറം, സി.എം.സി. പ്രൊവിൻഷ്യൽ, ഇടവക യോഗം നിയോഗിച്ച കമ്മിറ്റി എന്നിവർ സംയുക്തമായി വിശദമായ ചർച്ചകൾ നടത്തുകയും സ്ഥല സംബന്ധമായ അവ്യക്തതകൾ അഭിവന്ദ്യ പിതാവിന്റെ സാന്നിധ്യത്തിൽ 11.5.2000-ൽ പരിഹരിക്കുകയും കരാർ ഒപ്പുവയ്ക്കുകയുംചെയ്തു.

## ദേവാലയനിർമ്മാണം

1961-ൽ ബഹു. പോൾ ചാലിശ്ശേരിയച്ചന്റെ കാലത്താണ് മൂന്ന് വിംഗുള്ള ഈ പള്ളി നിർമ്മിച്ചത്. രണ്ട് പ്രാവശ്യം വികാരിയായിരുന്ന പോൾ ചാലിശ്ശേരിയച്ചൻ പിന്നീട് ഈ ഇടവകയിൽ അംഗമായതിനാൽ 21.6.1982-ൽ അന്തരിച്ചപ്പോൾ മൃതദേഹം ഈ പള്ളിയിലാണ് സംസ്ക്കരിച്ചത്.

1998-ൽ ബത്ലേഹം സെന്റ് ഫ്രാൻസിസ് ഇടവക രൂപീകരിക്കപ്പെട്ടപ്പോൾ ആ ഭാഗത്തുള്ള പാറപ്പുറം കപ്പേളയും വി. സെബസ്ത്യാനോസിന്റെ സ്തംഭവും ആ ഇടവകയ്ക്ക് നല്കി. 17.3.1975-ൽ വടക്കുമ്പാടൻ തോമൻ ഭാര്യ ഏല്യയിൽ നിന്ന് ഒരു ഏക്കർ 8 സെന്റ് ഭൂമി ആധാരം നമ്പർ 675/75 പ്രകാരം വാങ്ങി. പ്രസ്തുത സ്ഥലം നിത്യകുർബാന ട്രസ്റ്റ് വക ഭൂമി എന്നറിയപ്പെടുന്നു.

## ലൂർദ്ദ്മാതാ സോഷ്യൽ സെന്റർ

ഇടവക അതിർത്തിയ്ക്കുള്ളിലെ സാധാരണക്കാരും സാധുക്കളുമായ ജനങ്ങളുടെ ക്ഷേമത്തിനായി അന്നത്തെ വികാരി ആയിരുന്ന ബഹു. ജോസഫ് കിഴക്കുംതലയച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ച ലൂർദ്ദ്മാതാ സോഷ്യൽ സെന്റർ (എൽ. എം.എസ്.) രജിസ്ട്രേഡ് സൊസൈറ്റിയായി പ്രവർത്തിച്ചുവരുന്നു.

## ഇടവകയുടെ പുതിയ പേര്

1997-ൽ ബഹു. ജോസ് മാള്യേക്കൽ അച്ചന്റെ കാലത്ത് പള്ളിയുടെ മുഖവാരവും പോർട്ടിക്കോയും പുതുക്കിപ്പണിതു. മേരി ലൂർദ്ദ് ചർച്ച്, എലിഞ്ഞിപ്ര എന്നതിനു പകരം "സെന്റ് മേരീസ് ലൂർദ്ദ്സ് ചർച്ച്, ലൂർദ്ദ് നഗർ, എലിഞ്ഞിപ്ര" എന്ന് മാറ്റുന്നതിന് തീരുമാനിക്കുകയും രൂപതാകച്ചേരിയുടെ അംഗീകാരത്തോടെ അപ്രകാരം നടപ്പിൽ വരുത്തുകയും ചെയ്തു. 1998-ൽ സെന്റ് ആന്റണീസ് കപ്പേളയും 1999-ൽ സെന്റ് മേരീസ് കപ്പേളയും പണിത് ആശീർവ്വദിച്ചു. അതോടൊപ്പം പൂർത്തിയായ സെന്റ് ജോസഫ്സ് കപ്പേളയും വെഞ്ചരിച്ചു.

28.2.1999-ൽ സിമിത്തേരി പുനരുദ്ധരിക്കുന്നതിനും സിമിത്തേരിയിൽ കപ്പേള നിർമ്മിക്കുന്നതിനും തീരുമാനിച്ച് നടപ്പിലാക്കി.

## മതബോധനകേന്ദ്രം

10.11.2002-ലെ യോഗനിശ്ചയ പ്രകാരം വികാരി ബഹു. പോളി പുതുശ്ശേരിയച്ചന്റെ നേതൃത്വത്തിൽ 22.5.2005-ൽ പണിതീർത്ത ബഹു. ഫാ. ജോൺ കിഴക്കൂടൻ സ്മാരക മതബോധനകേന്ദ്രം അഭിവന്ദ്യപിതാവ് വെഞ്ചരിക്കുകയുണ്ടായി.

2005 മെയ് മാസത്തിൽ "വോയ്സ് ഓഫ് ലൂർദ്ദ്" എന്ന പേരിൽ പാരിഷ് ബുള്ളറ്റിൻ മാസിക ആരംഭിച്ചു.

## സി.എം.സി. കോൺവെന്റ് & യു.പി. സ്ക്കൂൾ

എലിഞ്ഞിപ്ര കുരിശുപള്ളിയുടെ രൂപീകരണത്തിനുശേഷം 1938-ൽ കർമ്മലീത്ത സിസ്റ്റേഴ്സ് ഒരു സന്യാസഭവനം സ്ഥാപിച്ചു. പിന്നീട് 1946-ൽ സെന്റ് ആന്റണീസ് യു.പി. സ്ക്കൂൾ ആരംഭിച്ച് നല്ല നിലയിൽ നടത്തിപ്പോരുന്നു. സ്ക്കൂളിനോടനുബന്ധിച്ച് ഒരു നഴ്സറി സ്ക്കൂളും പ്രവർത്തിക്കുന്നു. തുടക്കം മുതലേ ബഹു. സിസ്റ്റേഴ്സ് ഇടവകയിലെ വിവിധ പ്രേഷിത ശുശ്രൂഷകളിൽ വ്യാപൃതരാണ്.


മതബോധനഹാൾ


സി.എം.സി. ലൂർദ്ദ് കോൺവെന്റ്


സെന്റ് ആന്റണിസ് യു.പി. സ്ക്കൂൾ (സി.എം.സി.)


സെന്റ് ആന്റണീസ് കപ്പേള


സെന്റ് മേരീസ് കപ്പേള


സെന്റ് ജോസഫ്സ് കപ്പേള


ലിറ്റിൽ ഫ്ളവർ കപ്പേള